# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2624 19.7.2011-ൽ മറുപടിക്ക്

### എൻ.എച്ച്/എം.സി.റോഡുകളിൽ അപകടങ്ങൾ ഒഴിവാക്കാൻ നടപടി

**ചോദ്യം**

ശ്രീ.ബി.സത്യൻ:

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) ദിനംപ്രതി ധാരാളം അപകട മരണങ്ങൾ സംഭവിക്കുന്ന പ്രദേശമായ കല്ലമ്പലം, ആലംകോട്, ആറ്റിങ്ങൽ ടൗൺ, മാമം, തോന്നയ്ക്കൽ, പള്ളിപ്പുറം എന്നീ എൻ.എച്ച്.റോഡിന്റെ ഭാഗങ്ങളും എം.സി.റോഡിന്റെ കിളിമാനൂർ, പൊരുന്തമൺ, വാമനപുരം തുടങ്ങിയ സ്ഥലങ്ങളും പ്രത്യേക അപകട സാദ്ധ്യതയുള്ള ഭാഗങ്ങളായി പരിഗണിച്ച് എന്തെല്ലാം റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ കഴിയുമെന്ന് അറിയിക്കുമോ;

(എ) കല്ലമ്പലം, ആലംകോട്, ആറ്റിങ്ങൽ, മാമം, തോന്നയ്ക്കൽ, പള്ളിപ്പുറം എന്നീ എൻ.എച്ച്.റോഡിന്റെ ഭാഗങ്ങളിലും എം.സി.റോഡിന്റെ കിളിമാനൂർ, പൊരുന്തമൺ, വാമനപുരം തുടങ്ങിയ സ്ഥലങ്ങളിലും പ്രത്യേക അപകട സാദ്ധ്യതയുള്ള ഭാഗങ്ങളിലും, ട്രാഫിക് നിയന്ത്രണത്തിനായി പോലീസുദ്യോഗസ്ഥരെ നിയോഗിച്ചും, അപകടസാദ്ധ്യത കൂടിയ മേഖലകളിൽ ബാരിക്കേടുകൾ, ഹമ്പുകൾ, സിഗ്നൽ ലൈറ്റുകൾ എന്നിവ സ്ഥാപിച്ചും, പട്രോളിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയും ട്രാഫിക് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചും റോഡ് സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിവരുന്നു.

(ബി) 'നാറ്റ്പാക്ക്'പോലുള്ള ഏജൻസികൾ നടത്തിയ പഠനം വിവിധ കേന്ദ്ര ഏജൻസികൾ ഉപകാര്യത്തിൽ നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ കണക്കിലെടുത്ത് റോഡ് സുരക്ഷയ്ക്ക് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് റോഡ് സുരക്ഷയ്ക്കായി വിവിധ ഡിപ്പാർട്ടുമെന്റുകളെ ഉൾക്കൊള്ളിച്ചു കൊണ്ട് രൂപീകരിച്ച കേരളാ റോഡ് സേഫ്റ്റി അതോറിറ്റിയുടെ യോഗങ്ങളിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ പ്രകാരം പോലീസ് ഡിപ്പാർട്ടുമെന്റ് നടപടി എടുക്കേണ്ടവയിൽ നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | എൻ.എച്ച്.അപകടങ്ങൾ നടക്കു മ്പോൾ മെഡിക്കൽ കോളേജ് വരെ എത്തുന്നതിന് മുമ്പ് ആവശ്യമായ ചികിത്സ ലഭ്യമാക്കാൻ ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ വേണ്ട നിർദ്ദേശം നൽകുമോ? | (സി) | ഇക്കാര്യത്തിൽ ആരോഗ്യവകുപ്പിന് ആവശ്യമായ നിർദ്ദേശം നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ